പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4567 | 21.03.2018 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃക അങ്കണവാടി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.ഡി.കെ. മുരളി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ)അങ്കണവാടികളെ ആധുനീകരിക്കുന്നതിന്റെ ഭാഗമായി മാതൃക അങ്കണവാടിയായി ഉയർത്തുന്നതിന് വാമനപുരം നിയോജകമണ്ഡലത്തിൽ നിന്നും ഏതെങ്കിലും അങ്കണവാടിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ അത് ഏതാണെന്നും എന്ത് മാനദണ്ഡപ്രകാരമാണ് തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കാമോ; | (ബി) വാമനപുരം നിയോജകമണ്ഡലത്തിലെ നെടുമങ്ങാട് ഐ.സി.ഡി.എസ് പ്രോജക്ടിലെ ആനാട് പഞ്ചായത്തിലെ 6-ാം നമ്പർ അങ്കണവാടിയെയാണ് മാതൃകാ അങ്കണവാടിയായി ഈ പദ്ധതി പ്രകാരം തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് സ്ഥലവും ബന്ധപ്പെട്ട എം.എൽ.എയുടെ ശുപാർശ കത്തും, എം.എൽ.എയുടെ പ്രദേശിക വികസന ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപ വഹിക്കാമെന്നുള്ള ടി എം.എൽ.എയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്. |
| (സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി എന്തായെന്ന് അറിയിക്കാമോ? | (സി) വാമനപുരം നിയോജകമണ്ഡലത്തിലെ 6-ാം നമ്പർ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തിയാവുകയും ടി കെട്ടിടത്തിൽ അങ്കണവാടി പ്രവർത്തിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ